ഡാക്ടർ എ. ആർ. മേനോൻ : ധൈര്യമായിട്ട പറയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ ഫർജിയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരാളെ അല്ല നോമിനേറ ചെയ്തിട്ടുള്ളതെന്ന ഗസറ നോക്കിയാൽ കാണാം; അങ്ങിനെ ഗസറിൽ വേറെ ആരുടെയെങ്കിലും പേര പെറായിട്ട പബ്ലിഷ് ചെയ്തിട്ടുള്ളതാണെങ്കിൽ അതു തിരുത്തുവാൻ സാധിക്കുമോ ഗവ മെണ്ടിന്നു?

Dr. A. R. Menon *(Minister for Rural Development)*: Do you make yourself responsible for that statement?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: Yes. പൊതുജനങ്ങളും ഈ രണ്ടു ഫർജികളും പ്രകാരം ആവശ്യപ്പെട്ടവരിൽ ആരെയെങ്കിലും ഒരാളെ നോമിനേറ ചെയ്തിട്ടുണ്ടെന്ന ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രി പറയുന്നു. അവരിൽ ആരേയും അല്ലായെന്ന ഗസറിൽ കാണിച്ചുതരുന്നപക്ഷം അതു തെറ്റായി പബ്ലിഷ് ചെയ്തതാണെന്ന സമ്മതിക്കാമോ?

ഡാക്ടർ എ. ആർ. മേനോൻ: നോമിനേഷൻ നടത്തീട്ടുള്ളതു പെറ്റീഷനിലും, ഡിപ്പാർട്ട്മെൻറിലുമുള്ള പേരുകളും നോക്കീട്ടാണു; പൊതുജനങ്ങളുടെ പേരുകളും എടുത്തുകൊള്ളണമെന്നുമില്ല; ഡിപ്പാർട്ട്മെണ്ടിൽ ഉള്ള പേരുകളും എടുക്കണമെന്നുമില്ല; അതിൽ ഏതെങ്കിലും ഒന്നായിരിക്കും എടുക്കുക.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അപ്പോൾ ഫർജിയിൽ പറഞ്ഞിട്ടുള്ള ആളുകളെയല്ലാതെ വേറെ ആളേയും എടുത്തിരിക്കാം.

ഡാക്ടർ എ. ആർ. മേനോൻ : ഡിപ്പാർട്ട്മെണ്ടിൽ നിന്നു റെക്കമെണ്ടു ചെയ്തതനുസരിച്ച് ആയിരിക്കാം എടുത്തിട്ടുള്ളതു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ സംഗതിയിൽ അങ്ങിനെ എടുത്തിട്ടുണ്ടോയെന്ന പറയുവാൻ സാധിക്കുമോ?

ഡാക്ടർ എ. ആർ. മേനോൻ : നോട്ടീസ്സ വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ ഫർജിയിൽ പറഞ്ഞിട്ടുള്ള ആളുകളെയല്ലാതെ മറെറാരാളെ നോമിനേറ ചെയ്തിട്ടുണ്ടെങ്കിൽ അയാളെ നോമിനേറ ചെയ്തതിന്നു വല്ല പ്രത്യേകകാരണങ്ങളും ഉണ്ടോയെന്ന പറയാമോ?

Mr. Deputy President : That is hypothetical question.

VENDURUTHI—NEED FOR A FOOT-PATH

205. മിസ്റ്റർ ബി. എം. പീറർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമെണ്ടു ദയവായിരുപടി പറയുമോ:—

(ക) രാമേശ്വരം വില്ലേജിൽ പെട്ട വെണ്ടുരുത്തിയിൽ തെക്കെ അറ്റം മുതൽ വടക്കെ അറ്റംവരെ സഞ്ചാരത്തിനു പററിയ ഒരു ഫുട്പാത്തുപോലുമില്ലെന്ന സംഗതി ബഹുമാനപ്പെട്ട ഗവമെണ്ടു ധരിച്ചിട്ടുണ്ടോ;

(ഖ) ഉണ്ടെങ്കിൽ തദ്ദേശവാസികളുടെ സഞ്ചാരത്തിനുതകുന്ന ഒരു ഫുട്പാത്തെങ്കിലും അടിയന്തിരമായി അടുത്ത കൊല്ലത്തിൽ തന്നെ ഉണ്ടാക്കിക്കൊടുപ്പാൻ ബഹുമാനപ്പെട്ട ഗവമെണ്ടിനു മനസ്സുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ : (ഉ) ഉവ്വ്.

(ഛ) സാമ്പത്തികസ്ഥിതി അനുസരിച്ചു വേണ്ടതു ചെയ്യുന്നതാണ്. I have explained that matter yesterday in detail.

MULAVUKAD ROAD—ROUGH CONDITION OF

206. മിസ്റ്റർ കെ. പി. വള്ളോൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയവു മറുപടി നല്കുമോ :—

ചേരാനെല്ലൂർ പഞ്ചായത്തിൽ പെട്ട മൂലവുകാട്ടു വഴിയിൽ ജനങ്ങൾക്കു ഗതാഗത തടസ്സമുണ്ടാക്കത്തക്കവിധം കട്ടക്കല്ലിട്ടു മലിനപ്പെടുത്തിട്ടുള്ളതു നന്നാക്കി ഗതാഗതത്തിനു നേരിട്ടിട്ടുള്ള വിഷമതകൾ നീക്കിത്തരുമോ; അല്ലെങ്കിൽ പ്രസ്തുത കട്ടക്കല്ലു വഴിയിൽനിന്നും കോരി കളയിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. മേനോൻ : മൂലവുകാട്ടു വഴിയിൽ ഗതാഗതതടസ്ഥമുണ്ടാകത്തക്കവിധം കട്ടക്കല്ലിട്ടു മലിനപ്പെടുത്തീട്ടില്ല. വഴിയിൽ വിരിക്കേണ്ടതിനു ശേഖരിച്ചിട്ടുള്ള കല്ലുകൊണ്ടു് അഥവാ വല്ല വിഷമതകളും ഉണ്ടെങ്കിൽ അതു് ഉടനെ തീരുന്നതാണ്.

മിസ്റ്റർ കെ. പി. വള്ളോൻ : വഴിയിൽ വിരിക്കേണ്ടുന്നതിനു ശേഖരിച്ചിട്ടുള്ള കല്ലുകൊണ്ടു വിഷമമുണ്ടെന്നല്ല പറയുന്നതു്. തല്ലി നിരപ്പാക്കാതെ കുറെ കല്ലു വാരി വിരിച്ചു് അതിനു മീതെ മണ്ണിട്ടുണ്ടു്. മഴ പെയ്തു മണ്ണു മുഴുവനൊലിച്ചുപോകുമ്പോൾ കല്ലുകൾ കൂട്ടയായി വഴിയിൽ കിടക്കുന്നതുകൊണ്ടു് യാത്രക്കാർക്കു വിഷമം നേരിടുന്നതു നീക്കിത്തരണമെന്നാണു ഞാൻ അവശ്യപ്പെട്ടിട്ടുള്ളതു്.

ഡാക്ടർ എ. ആർ. മേനോൻ : അതു വഴി നേരെയാക്കീട്ടില്ലാത്തതുകൊണ്ടാണ്.

മിസ്റ്റർ വി. കെ. കുട്ടി : മീതെ മണ്ണിട്ടു് ഉറപ്പിക്കുവാൻ വേണ്ടി ഇട്ടിട്ടുള്ള കല്ലുകളാണോ? റോഡിന്റെ പ്രാരംഭജോലിയായിട്ടു മണ്ണിട്ടുറപ്പിക്കുവാൻ വേണ്ടി ഇട്ടിരിക്കുകയല്ലേ?

മിസ്റ്റർ കെ. പി. വള്ളോൻ : ഇതുകൊണ്ടു ജനങ്ങൾക്കു് ഉപദ്രവമുണ്ടെങ്കിൽ അതു മാറ്റിക്കൊടുക്കേണ്ടതല്ലേ?

KADAMAKKUDI VILLAGE—SCARCITY OF DRINKING WATER

207. Mr. P. K. Madhava Menon *(Narakkal):* Will the Government be pleased to state.—

(*a*) whether they are aware of the fact that there is great scarcity of drinking water in the small islands comprised in Kadamakkudi village;

(*b*) whether they have provided any public wells in these

LIBRARY ARCHIVES Kerala Legislative Assembly